"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം - ജീവനക്കാര്യം - ശ്രീമതി.സുമ.എസ്(സീനിയർ ക്ലാർക്ക്, ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോർട്ട്, തൃശ്ശൂർ)-ന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ ഓഫീസിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1242/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/06/2020

പരാമർശം:- 1) 0.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ

2) 26.11.2013 തീയതിയിലെ സ.ഉ.(പി) നം. 580/2013/Fin നം. സർക്കാർ ഉത്തരവ്

3) 01.06.2019 തീയതിയിലെ സ.ഉ(സാധാ) നം.1121/2019/തസ്വഭവ

4) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ സെക്രട്ടറിയുടെ 17/03/2020ലെ 76(a)/A1/TLSGIs/2020 നം. കത്ത്

ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയത്തിൽ സീനിയർ ക്ലാർക്കായി പരാമർശം (3) ഉത്തരവ് പ്രകാരം അന്യത്രസേവനമനുഷ്ഠിച്ച് വരുന്ന തൃശ്ശൂർ, ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോർട്ടിലെ സീനിയർ ക്ലാർക്കായ ശ്രീമതി സുമ എസിന്റെ അന്യത്രസേവന കാലാവധി 04/06/2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച നൽകണമെന്ന് പരാമർശം (4)- ലെ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സുമ എസിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ ഓഫീസിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 04/06/2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹരികുമാർ എ എസ്**
**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, തിരുവനന്തപുരം
ശ്രീമതി.സുമ.എസ് (രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി മുഖാന്തിരം)
രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എൽ.ബി.എ.), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ